# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 98 10/12/2012 ൽ മറുപടിക്ക്

**പി.എസ്.സി. റാങ്ക് ലിസ്റ്റിലെ മുൻഗണനാക്രമം**

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റിൽ നിന്നും അർഹരായവർക്ക് മുൻഗണനാക്രമത്തിൽ ജോലിക്കുള്ള മെമ്മോ നൽകിയിട്ടും ബന്ധപ്പെട്ട വകുപ്പുകളിൽ ഒഴിവില്ല എന്ന കാരണം പറഞ്ഞ് നിയമനം നൽകാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വിശദമാക്കാമോ; | (എ) യും (ബി)യും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ ഇല്ല എന്ന കാരണത്താൽ നിയമനം ലഭിക്കാത്ത ഉദ്യോഗാർത്ഥികളെ ത്രോൺ ഔട്ട് ആയി പരിഗണിച്ച് തുടർന്ന് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യാൻ പബ്ലിക് സർവ്വീസ് കമ്മീഷൻ ഉത്തരവായിട്ടുണ്ട്. |
| (ബി) ആലപ്പുഴ ജില്ലയിലെ പി.എസ്.സി. യുടെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും പഞ്ചായത്ത് വകുപ്പിലേയ്ക്ക് നിയമന ശുപാർശ ലഭിച്ചിട്ടും നിയമനം ലഭിക്കാത്തവരുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ; | |
| (സി) റാങ്ക് ലിസ്റ്റിൽ താഴെയുള്ളവർ മറ്റ് ഡിപ്പാർട്ട്മെന്റുകളിലേയ്ക്ക് നിയമിക്കപ്പെട്ടിട്ടും ഇവരുടെ നിയമനം വൈകിയതുമൂലം ഇവർക്ക് നഷ്ടപ്പെട്ട ആനുകൂല്യങ്ങൾ പരിഹരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ? | (സി) അഡ്വൈസ് ലഭിച്ച ശേഷം നിയമനം ലഭിക്കാത്ത ഉദ്യോഗാർത്ഥികൾക്ക് പുനർ നിയമനം ലഭിക്കുമ്പോൾ ഇ.ഇ.എ (ഏർലിയസ്റ്റ് ഇഫക്ടീവ് അഡ്വൈസ്) ആദ്യം ലഭിച്ച അഡ്വൈസ് സീനിയോറിറ്റി നൽകാറുണ്ട്. |

**സെക്ഷൻ ഓഫീസർ**